# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്

3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗ ദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം
6. പത്മന രാമചന്ദ്രൻ നായർ, മാധ്യമപഠനങ്ങൾ
7. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പത്രലോകം
8. എൻ. പി രാമചന്ദ്രൻ, വേണം മാധ്യമങ്ങളുടെ മേലെയും ഒരു കണ്ണ്

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യായനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2020–2021 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2021 ൽ നടത്തുന്ന (തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും) പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

### 5. "രക്ഷയുടെ പാതയിൽ" ക്ലാസ്സുകളുടെ സംപ്രേഷണ സമയം

ശാലോം ടിവിയിൽ തിങ്കൾ മുതൽ ശനി വരെ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം താഴെ കൊടുക്കുന്നു.

| ദിവസം | ക്ലാസ്സ് | സമയം |
|---|---|---|
| തിങ്കൾ | - ക്ലാസ്സ് I | : 11.30 – 11.45 |
| | ക്ലാസ്സ് II | : 11.45 – 12.00 |
| | ക്ലാസ്സ് V | : 3.30 – 4.00 |
| ചൊവ്വ | - ക്ലാസ്സ് III | : 11.30 – 12.00 |
| | ക്ലാസ്സ് VI | : 3.30 – 4.00 |
| ബുധൻ | - ക്ലാസ്സ് IV | : 11.30 – 12.00 |
| | ക്ലാസ്സ് X | : 3.30 – 4.00 |
| വ്യാഴം | - ക്ലാസ്സ് VII | : 11.30 – 12.00 |
| | ക്ലാസ്സ് XI | : 3.30 – 4.00 |
| വെള്ളി | - ക്ലാസ്സ് VIII | : 11.30 – 12.00 |
| | ക്ലാസ്സ് XII | : 3.30 – 4.00 |
| ശനി | - ക്ലാസ്സ് IX | : 11.30 – 12.00 |

### 6. ഒക്ടോബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

04.10.2020 ഞായർ – അദ്ധ്യായം 8 പാർട്ട് 1

11.10.2020 ഞായർ – അദ്ധ്യായം 8 പാർട്ട് 2

18.10.2020 ഞായർ - അദ്ധ്യായം 9 പാർട്ട് 1

25.10.2020 ഞായർ - അദ്ധ്യായം 9 പാർട്ട് 2

### 7. ഓണപരീക്ഷ - നന്ദി

ഈ വർഷത്തെ ഓണപരീക്ഷ സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും വിശ്വാസപരിശീലകർക്കും സൂപ്പർവൈസർമാരായിരുന്ന മാതാപിതാക്കൾക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

### 8. വെബിനാർ - നന്ദി

സെപ്റ്റംബർ മാസത്തിൽ വിശ്വാസപരിശീലകർക്ക് രണ്ട് വെബിനാർ സംഘടിപ്പിച്ചു. ആദ്യത്തെ വെബിനാറിൽ പ്രൊഫ. സജി പാലയ്ക്കൽ സാറും രണ്ടാമത്തെ വെബിനാറിൽ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനും ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഓരോ വെബിനാറിലും രണ്ടായിരത്തി അഞ്ഞൂറോളം വിശ്വാസപരിശീലകർ പങ്കെടുത്തു. സെമിനാർ ഉദ്ഘാടനം ചെയ്ത മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചനും, ബഹു. ഫൊറോന വികാരിയച്ചൻമാർക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

### 9. ഡിപ്ലോമ പ്രൈവറ്റ് രജിസ്ട്രേഷൻ

വിശ്വാസപരിശീലനത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അതിരൂപത വിശ്വാസപരിശീലന കേന്ദ്രം പ്രോത്സാഹിപ്പിക്കുന്നില്ല. എങ്കിലും പലവിധ കാരണങ്ങളാൽ 2010 മുതൽ 2018 വരെയുള്ള കാലയളവിൽ ഡിപ്ലോമ പരീക്ഷ എഴുതാൻ സാധിക്കാതെ പോയവർക്കായി ഓൺലൈൻ കോൺടാക്റ്റ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം ആയ Zoom App വഴിയാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഡിപ്ലോമ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മണിക്കൂർ ദൈർഘ്യമുള്ള 10 ഓൺലൈൻ ക്ലാസ്സുകളായിരിക്കും ഉണ്ടാവുക. ഡിപ്ലോമ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്നവരെ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ബഹു. ഹെഡ്മാസ്റ്റർ അറിയിക്കുമല്ലോ.

a) 2010 മുതൽ 2018 വരെയുള്ള കാലയളവിൽ നടത്തിയ ഡിപ്ലോമ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയവർക്കുമാത്രമാണ് ഈ അവസരം. 2019, 2020 വർഷങ്ങളിൽ നടത്തിയ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയവർ 2021-ൽ നടത്തുന്ന വാർഷിക പരീക്ഷയിലാണ് പങ്കെടുക്കേണ്ടത്.

b) പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി **ഒക്ടോബർ 15** ആണ്. ഒക്ടോബർ 27-ന് ക്ലാസ്സ് ആരംഭിക്കും. ക്ലാസ്സിൽ പങ്കെടുക്കാൻ ആഗ്ര

ഹിക്കുന്നവരുടെ പേര്, വീട്ടുപേര്, വാട്സ്ആപ്പ് സൗകര്യമുള്ള ഫോൺ നമ്പർ എന്നിവ ഹെഡ്മാസ്റ്റർ ഓഫീസിൽ നൽകണം.

c) ഡിസംബർ 20 ഞായറാഴ്ചയായിരിക്കും പരീക്ഷ. 10 ഓൺലൈൻ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്ക് മാത്രമായിരിക്കും പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുക.

d) പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 300 രൂപയായിരിക്കും.

e) നിലവിലുള്ള പന്ത്രണ്ടാം ക്ലാസ്സിലെ പാഠപുസ്തകത്തെ ആസ്പദമാക്കിയിരിക്കും ക്ലാസ്സുകൾ നൽകുക.

## 10. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റ്സ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. ഓരോ ഇടവകയും അടയ്ക്കേണ്ട തുക ഒക്ടോബർ മാസത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇടുന്നതാണ്.

## 11. വിവിധ ഫോമുകൾ

സർവ്വേ ഫോമും, ഡിപ്ലോമ രജിസ്ട്രേഷൻ ഫോമും ഉപപാഠപുസ്തകങ്ങളോടൊപ്പം നല്കുന്നതാണ്. അവ കൃത്യമായി പൂരിപ്പിച്ച് നവംബർ 30-നുള്ളിൽ ഓഫീസിൽ കിട്ടത്തക്കവിധം അയക്കേണ്ടതാണ്.

## 12. ക്ലാസ്സ് പി. ടി. എ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എല്ലാ മാതാപിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള PTA മീറ്റിംഗ് സാധ്യമല്ലല്ലോ. ഒത്തിരിയേറെ സൺഡേ സ്കൂളുകളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പി.ടി.എ മീറ്റിംഗ് കൂടി കഴിഞ്ഞു. എല്ലാ സൺഡേ സ്കൂളുകളിലും ക്ലാസ്സടിസ്ഥാനത്തിൽ പി.ടി.എ മീറ്റിംഗ് കൂടുന്നത് (Zoom, Google Meet etc.) വളരെ നല്ലതാണ്. സാധിക്കുമെങ്കിൽ പള്ളിയിൽ വച്ചുതന്നെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ്സടിസ്ഥാനത്തിൽ മീറ്റിംഗ് കൂടാൻ ശ്രമിക്കുമല്ലോ. ബഹു. ഹെഡ്മാസ്റ്റർ എല്ലാ ക്ലാസ്സുകളുടെയും പി.ടി.എ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**13. റെഗുലർ സൺഡേ ക്ലാസ്സുകൾ**

എല്ലാ കുട്ടികളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള റെഗുലർ സൺഡേ ക്ലാസ്സുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്ന് നമുക്കറിയാം. എങ്കിലും ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ദൈവാലയത്തിൽ ഒരുമിച്ച് ചേർക്കാൻ പരിശ്രമിക്കണേ... വി. ബലിയിൽ പങ്കെടുക്കാനും കുമ്പസാരിക്കുവാനുമുള്ള സൗകര്യം ഒരുക്കി കൊടുക്കുമല്ലോ.

**14. മിഷൻ ഞായർ ഒക്ടോബർ 18**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 18-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

**15. മതാധ്യാപകദിനം നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപക ദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 8-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**16. രാജത്വത്തിരുനാൾ - നവംബർ 22**

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 22-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**17. ദിയാക്കോണിയ**

ഒക്ടോബർ - നവംബർ മാസങ്ങളിൽ വീടുകളിൽ കുട്ടികൾ ചെയ്യേണ്ട ദിയാകോണിയ കർമ്മപദ്ധതികൾ താഴെകൊടുക്കുന്നു

**1) ഗ്രീൻ ഹോം ക്ലീൻ ഹോം :** ആഴ്ചയിൽ ഒരുദിവസം കുടുംബാംഗങ്ങളൊരുമിച്ച് വീടും പരിസരവും വൃത്തിയാക്കുക.

**2) ഗൊ ഗ്രീൻ :** വീടിന്റെ ഒരു വശത്ത് പ്ലാസ്റ്റിക്ക് ഇടാൻ വേണ്ടി ഒരു ബക്കറ്റ് തയ്യാറാക്കുക.

**3) ഗ്രീൻ മിത്ര :** പേപ്പർ ക്യാരിബാഗ് ഉണ്ടാക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയും സാധിക്കുന്ന യൂണീറ്റുകളിൽ അത് ഉണ്ടാക്കി വിൽക്കുകയും ചെയ്യുക.

## 18. ഉപപാഠപുസ്തക വിതരണം

ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങൾ ഒക്ടോബർ 15 നുള്ളിൽ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും വില രേഖപ്പെടുത്തിയ ചാർട്ട് താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

| Text Books | | | | Non Details | | |
|---|---|---|---|---|---|---|
| Class | No. | Price | | Class | Price | |
| I | | 30 | | I | 25 | |
| II | | 30 | | II | 25 | |
| III | | 30 | | III | 25 | |
| IV | | 30 | | IV | 16 | |
| V | | 35 | | V | 16 | |
| VI | | 35 | | VI | 16 | |
| VII | | 35 | | VII | 16 | |
| VIII | | 35 | | VIII | 24 | |
| IX | | 35 | | IX | 16 | |
| X | | 35 | | X | 24 | |
| XI | | 35 | | XI | 24 | |
| XII | | 35 | | XII | 25 | |
| | | | | | Price | |
| Teachers Guide Std. I-X | | | | | 45 | |
| Attendence Register | | | | | 15 | |
| Teacher's Register | | | | | 15 | |
| Kids Text (Bible Nursery) | | | | | 40 | |
| Progress Card (Std. I to XII) | | | | | 15 | |
| Hand Book 34 Page | | | | | 20 | |
| Hand Book 18 Page | | | | | 15 | |
| Mass Text Book | | | | | 40 | |
| English Text Book (Std. I-XII) | | | | | 45 | |
| T.C. Book | | | | | 50 | |
| Admission Register | | | | | 100 | |
| Jeevante Appam | | | | | 45 | |

## 19. പുതിയ കർമ്മപദ്ധതികൾ

ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലന കേന്ദ്രം വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കുമായി ആവിഷ്കരിച്ചിരിക്കുന്ന ഓൺലൈൻ ക്ലാസ്സുകളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

### 1. "ഈശോയെ അറിയാൻ" - ഓൺലൈൻ ഉപപാഠ ക്ലാസ്സുകൾ

ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള ഓൺലൈൻ ക്ലാസ്സുകൾ വിശ്വാസപരിശീലന കേന്ദ്രം ആരംഭിക്കുന്നു. ആദ്യ എപ്പിസോഡ് ഒക്ടോബർ 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് യുട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നതാണ്.

### 2. "ജീവന്റെ അപ്പം" - ആദ്യകുർബാന ക്ലാസ്സ്

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞവർഷം പല ഇടവകകളിലും പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കമായുള്ള ക്ലാസ്സുകൾ നടത്തുവാൻ സാധിച്ചിരുന്നില്ല. കുട്ടികളെ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുന്നതിന് വേണ്ടി **"ജീവന്റെ അപ്പം"** എന്ന പേരിൽ ആദ്യകുർബാന ക്ലാസ്സുകൾ ഓൺലൈനായി വിശ്വാസപരിശീലന കേന്ദ്രം ആരംഭിക്കുന്നു. ആദ്യത്തെ എപ്പിസോഡ് ഒക്ടോബർ 3 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്യുന്നതാണ്. പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനൊരുങ്ങുന്ന എല്ലാ കുട്ടികളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

### 3. "ഉണ്ണീശോയുടെ കുഞ്ഞുങ്ങൾ"

ബൈബിൾ നഴ്സറി ക്ലാസ്സിലെ കുഞ്ഞുങ്ങൾക്കായി **"ഉണ്ണീശോയുടെ കുഞ്ഞുങ്ങൾ"**എന്ന പേരിൽ ഓൺലൈൻ ക്ലാസ്സുകൾ ഒക്ടോബർ മാസം മുതൽ വിശ്വാസപരിശീലന കേന്ദ്രം സംപ്രേഷണം ചെയ്യുന്നതാണ്.

### 4. "നക്ഷത്രദൂത്"

ഒന്നു മുതൽ നാല് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പൊതുവായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ **"നക്ഷത്രദൂത്"** എന്ന പേരിൽ ആരംഭിക്കുന്നു. വിശ്വാസപരിശീലന കേന്ദ്രത്തിന്റെ യൂട്യൂബ് ചാനലിൽ ഒക്ടോബർ മാസം മുതൽ സംപ്രേഷണം ആരംഭിക്കുന്നതാണ്.

### 5. "ഈശോയുടെ കൂട്ടുകാർ"

അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി **"ഈശോയുടെ കൂട്ടുകാർ"** എന്ന പേരിൽ ദൈവവിളിയെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ ഒക്ടോബർ മാസം മുതൽ ആരംഭിക്കുന്നു.

**6. “ഈശോയുടെ സാക്ഷികൾ”**

എട്ട്, ഒൻപത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി **“ഈശോയുടെ സാക്ഷികൾ”** എന്ന പേരിൽ ബൈബിൾ അധിഷ്ഠിതമായ ക്ലാസ്സുകൾ വിശ്വാസപരിശീലന കേന്ദ്രം ഒക്ടോബർ മാസം മുതൽ ആരംഭിക്കുന്നു.

**7. “Lumen Christi” ക്ലാസ്സുകൾ**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഓൺലൈൻ ക്ലാസ്സുകൾ ഒക്ടോബർ മാസം മുതൽ വിശ്വാസപരിശീലന കേന്ദ്രം ആരംഭിക്കുന്നു. വിശ്വാസപരിശീലന കേന്ദ്രത്തിന്റെ യൂട്യൂബ് ചാനലിൽ ഒക്ടോബർ മാസം മുതൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നതാണ്.

**8. Domuscat - വീട് വിശ്വാസപരിശീലന വേദി**

കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലന വേദി. മാതാപിതാക്കൾക്കുള്ള Orientation ക്ലാസ്സുകൾ ഒക്ടോബർ മാസം മുതൽ ആരംഭിക്കുന്നു.

**9. Entheos 2020 (എൻതെയോസ് 2020)**

വിശ്വാസപരിശീലകർക്കുള്ള ക്ലാസ്സുകൾ ഇനിമുതൽ "Entheos" എന്ന പേരിലായിരിക്കും അറിയപ്പെടുക. “ദൈവത്തെ ഉള്ളിൽ വഹിക്കുന്നവർ’ എന്നാണ് ഈ ഗ്രീക്ക് വാക്കിന്റെ അർത്ഥം. ഒക്ടോബർ മാസം മുതൽ ക്ലാസ്സുകൾ യൂട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നതാണ്.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958